# 4

# മേൽക്കൂര ഗുഹയാകുമ്പോൾ: മരണത്തെ നേരിടുന്നതും മറ്റു സാദ്ധ്യതയുള്ള സാഹചര്യങ്ങളും (1 രാജാക്കന്മാർ 17:17- 24)

നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്ന ഏററവും ഭയാനകമായ പ്രപഞ്ച ദുരന്തം എന്താണ്? കൊലയാളിയായ ചുഴലിക്കാററിന്റെ ഗതിയിൽ ആയിരിക്കുന്നത് എന്റെ ഭാര്യ ജോയ്ക്ക് വളരെ ഭയമാണ്. വ്യക്തിപരമായി, വലിയ ഭൂകമ്പം എന്നെ വല്ലാതെ-ഭയപ്പെടുത്തിക്കളയും, അപ്പോൾ നിങ്ങൾക്കു ചുററുമുള്ള തറപോലും പൊങ്ങുന്നതായി അനുഭവപ്പെടും.

ദുരന്തങ്ങളിൽ ഭയപ്പെടുത്തുന്ന ഒന്നാണ് മേൽക്കുര നിലം പതിക്കൽ. അത് വർഷങ്ങൾക്കു മുമ്പ് ഗ്രേററർ ഡള്ളാസിൽ ആരാധന നടന്നുകൊണ്ടിരിക്കുമ്പോൾ സംഭവിച്ചു. ഒരു ശൈത്യക്കാററ് പുറമേ ആഞ്ഞടിച്ചു. ഐസും മഞ്ഞും ദിവസങ്ങളോളം പെയ്തു മേൽക്കൂരക്ക് താങ്ങുവാൻ കഴിയുന്നതിലപ്പുറം ഘനമായി. പെട്ടെന്ന് മേൽക്കുര തകരുകയും, ആരാധിച്ചുകൊണ്ടിരുന്നവരുടെ മേൽ വീണതിന്റെ ഫലമായി ഒരാൾ മരിക്കയും പലർക്കും പരിക്കേൽക്കുകയും ചെയ്തു. അത് ഭയങ്കരമായ ഒന്നുതന്നെയായിരുന്നു!

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ പ്രതീക്ഷിക്കാതെ മേൽക്കുരകൾ വീഴുമ്പോൾ അത് ഏററവും മോശമായിരിക്കും, നമുക്കു പ്രശ്നമുണ്ടാകുമ്പോൾ അതിനെ നേരിടുവാനായി നാം ഒരിക്കലും ചിന്തിച്ചിരിക്കയില്ല. മേൽക്കൂര അവരുടെ മേൽ വീണപ്പോൾ എന്ത് സംഭവിച്ചു എന്ന് അറിയുവാൻ സാരഫാത്തിലെ വിധവയുടേയും ഏലിയാവിന്റേയും സംഭവത്തെ നാം നോക്കണം (1 രാജാക്കന്മാർ 17:17–24).

മുഖവുരയായി, നമുക്ക് എബ്രായർ 11 നോക്കാം, അത് വിശ്വാസത്തിന്റെ വലിയ അദ്ധ്യായവും, ''ബൈബിളിന്റെ സംക്ഷേപം പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നതും'' ആണ്. വലിയ വിശ്വാസികളെക്കുറിച്ചാണ് ആ അദ്ധ്യായം പറയുന്നത്: ഹാബേൽ, ഹാനോക്ക്, നോഹ, അബ്രഹാം, യിസഹാക്ക്, യാക്കോബ്, മോശെ അങ്ങനെ പലരും, *വിശ്വാസത്താൽ* അവർ ദൈവം പറഞ്ഞത് പോലെ ചെയ്തു എന്ന് അവിടെ വീണ്ടും വീണ്ടും ഊന്നി പറയുന്നു. അവസാനം, നാം വാക്യം 32 ലേക്കു വരുന്നു: ''ഇനി എന്തു പറയേണ്ടു? ഗിദ്യോൻ, ബാരാക്ക്, ശിംശോൻ തുടങ്ങിയവരെക്കുറിച്ചു വിവരിപ്പാൻ സമയം പോരാ ...'' വാക്യം 32 ലെ അവസാനത്തെ മൂന്നു വാക്കുകൾ ശ്രദ്ധിക്കുക: ''പ്രവാചകന്മാരേയും കുറിച്ച്'' പറയുന്നതിൽ ഏലിയാവും ഉൾപ്പെട്ടിരിക്കുന്നു. ആ മനുഷ്യരെല്ലാം ''വിശ്വാസത്താൽ'' എന്തു ചെയ്തു? വലിയ യുദ്ധത്തിൽ വാളിന്റെ വായ്ത്തല തെററുകയും, രാജ്യങ്ങളെ അവർ കീഴ്പ്പെടുത്തുകയും ചെയ്തു എന്നു ഏബ്രായ ലേഖകൻ പറയുന്നു (33, 34). വാക്യം 35 എങ്ങനെ ആരംഭിക്കുന്നു എന്നു നോക്കുക: ''സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ

ഉയിർത്തെഴുന്നേൽപ്പിനാൽ തിരികെ കിട്ടി.'' യേശുവും ശിഷ്യന്മാരും മരിച്ച വരെ ഉയർപ്പിച്ചതായി നാം കേട്ടിട്ടുണ്ട്. ആദ്യം അതു സംഭവിച്ചത് നമുക്കു നോക്കാം!

### യാഥാർത്ഥ്യം (17:17, 18)

അസാദ്ധ്യമായ സാഹചര്യങ്ങൾ ജീവിതത്തിൽ യഥാർത്ഥമാണ്. നിങ്ങൾ ദീർഘായുസ്സോടെ ജീവിക്കയാണെങ്കിൽ നിങ്ങൾ അവയിൽ പലതും നേരിടും. ടെക്സസിൽ, ക്ലബണിലെ ഒരു ഇടവകയിൽ ഞാൻ ഒരാഴ്ച പ്രസംഗിച്ചു കൊണ്ടിരുന്നപ്പോൾ അംഗങ്ങളിൽ ഒരാൾക്ക് മുമ്പൊരിക്കലും ഉണ്ടാകാത്ത ഹൃദയാഘാതം ഉണ്ടാകുകയും മരിക്കയും ചെയ്തു. അടുത്ത ആഴ്ച, ഇടവകയിൽ ജനിച്ചു വളർന്ന ഒരു യുവാവ് ഡള്ളാസിൽ അഞ്ച്-കാറുകൾ -ഒന്നൊന്നായി പൊങ്ങിയതിൽ ഉൾപ്പെട്ടു അയാളുടെ കുട്ടിയും, ഭാര്യയും മരിക്കുകയും, അയാളുടെ മൂത്ത മകൾ ഗുരുതരമായി പരുക്കേൽക്കുകയും, അയാളും അയാളുടെ മകനും ആസ്പത്രിയിൽ ആകുകയും ചെയ്തു. അടുത്ത ആഴ്ച്ച, ഒരു യുവാവ് അവിടെത്തന്നെ വളർന്ന ആളും അയാളുടെ ഭാര്യയും വെടിവെച്ചു കൊല്ലപ്പെട്ടു. ആ കുടുംബങ്ങൾക്ക് ആ അപകടങ്ങൾ അനുഭവപ്പെട്ടപ്പോഴുള്ള സാഹചര്യത്തെ ഞാൻ പറയേണ്ടതില്ലല്ലോ. അസാദ്ധ്യമായ സാഹചര്യങ്ങൾ വാസ്തവത്തിൽ ഉള്ളവയാണ്: അത് ഓരോ ജീവിതത്തിലേക്കും കടന്നുവരും.

മരണം യഥാർത്ഥമാണ്. മരണത്തെക്കുറിച്ചു ചിന്തിക്കുന്നതു തന്നെ നമുക്ക് ഇഷ്ടമല്ല. നമ്മുടെ ശക്തിയെല്ലാം ഉപയോഗിച്ച് അതിനോടു പോരാടും. അത് അവഗണിക്കുകയാണ് നല്ലത്. അത് സംഭവിക്കുമ്പോൾ, ഞാൻ മനുഷ്യർക്ക് പണം കൊടുത്ത് നീക്കം ചെയ്യുവാൻ ശ്രമിക്കുന്നു. നമ്മിൽ പലരും ശവസംസ്കാര ചടങ്ങുകൾ ഒഴിവാക്കും. എന്നിരുന്നാലും, മരണം യഥാർത്ഥമാണ്. വളരെ കാലം മുമ്പ്, സർപ്പം സ്ത്രീയോടു പറഞ്ഞു, ''നിങ്ങൾ മരിക്കയില്ല നിശ്ചയം'' (ഉൽപത്തി 3:4). എന്നാൽ അവൻ വഞ്ചിക്കയായിരുന്നു. സ്ത്രീയും അവളുടെ ഭർത്താവും പാപം ചെയ്യുകയും, മരണം ലോകത്തിലേക്ക് വരികയും ചെയ്തു. എബ്രായർ 9:27 പറയുന്നു, ''ഒരിക്കൽ മരണം മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.''

നമ്മുടെ സംഭവത്തിലെ സ്ത്രീ മരണത്തെ അറിഞ്ഞിരുന്നു. അവൾക്കു മുമ്പ് ഭർത്താവ് നഷ്ടപ്പെട്ടിരുന്നു. അതിന്റെ വിശദാംശങ്ങൾ നമുക്കറിയില്ല. ഒരു പക്ഷെ യാദൃശ്ചികമായി മരണം സംഭവിക്കയും അത് അവളെ വേദനിപ്പിക്കുകയും ചെയ്തിരിക്കാം, അല്ലെങ്കിൽ മന്ദമായിട്ടുള്ള മരണം സംഭവിച്ച് അവളുടെ ആത്മാവിനെ വൃണപ്പെടുത്തിയിരിക്കാം; എങ്ങനെ ആയാലും അവൾക്ക് തന്റെ ഭർത്താവ് നഷ്ടപ്പെട്ടിരുന്നു. പിന്നീട് അവളുടെ മരണ സാദ്ധ്യതയേയും അവൾ അഭിമുഖീകരിക്കുകയും, വരൾച്ചമൂലം അവളുടെ മകനും അതേ ഗതിയായിരിക്കും എന്നു അവൾ വിചാരിച്ചു. ഏലിയാ പ്രവാചകൻ നിമിത്തം, അവളുടെ മരണ ശിക്ഷ നീട്ടിക്കിട്ടി. പിന്നെ വാക്യം 17-ൽ നാം വായിക്കുന്നു, ''അനന്തരം വീട്ടുടമക്കാരത്തിയായ സ്ത്രീയുടെ മകൻ ദീനം പിടിച്ചു കിടപ്പിലായി; ദീനം കടുത്തിട്ട് അവനിൽ ശ്വാസം ഇല്ലാതെയായി''[1]

''അനന്തരം'': എല്ലാ അനുഗ്രഹങ്ങളുടേയും ശേഷം, മരണത്തിൽ നിന്നും വിടുവിച്ച ശേഷം, അവളുടെ ആൺകുട്ടി ആരോഗ്യവാനായി വളരുന്നത് കണ്ട ശേഷം ഇത് സംഭവിക്കുന്നു!

‘‘അവനിൽ ശ്വാസം ഇല്ലാതെയായി’’ എന്നതു സൂചിപ്പിക്കുന്നത് അവന് ശ്വാസകോശസംബന്ധമായ പ്രശ്നമായിരുന്നു എന്നാണ്. ആസ്മപോലെ യുള്ള പ്രശ്നം കുട്ടികൾക്കുണ്ടാകുമ്പോൾ ഇത്തരം സഹതാപകരമായ സ്ഥിതി നേരിടും. ശ്വാസത്തിനുവേണ്ടി ഒരു കുട്ടി മല്ലിടുന്നത് കാണുന്നതു തന്നെ ഭയാനകമാണ്.

രോഗം എന്തായാലും, ആ കുട്ടിയുടെ സ്ഥിതി ഓരോ ദിവസം ചെല്ലു മ്പോഴും മോശമായിക്കൊണ്ടിരുന്നത് അമ്മയെ വിഷമിപ്പിച്ചു. നീർജീവമായ ആ കുട്ടിയുടെ ശരീരം കൈകളിൽ എടുത്തു, അവൾ മുമ്പോട്ടും പുറകോട്ടും നടന്നു ഹൃദയ ഭേദകമായി നിലവിളിച്ചിരിക്കണം. അവളുടെ ഭർത്താവ് ആ കുട്ടിയെ നൽകിയിട്ടാണ് പോയത്, അവളുടെ ഭാവി പ്രത്യാശ അവനിലായി രുന്നു, അവളുടെ സ്നേഹത്തിന്റെ കേന്ദ്ര ബിന്ദുവും അവനിലായിരുന്നു. നി ങ്ങൾ അവിടെ ആയിരുന്നില്ലായെങ്കിൽ, അവളുടെ നിരാശയുടെ ആഴം മന സിലാക്കുവാൻ ഒരുപക്ഷെ കഴിഞ്ഞെന്നു വരികയില്ല.

അപകടം സംഭവിച്ചു. അസാദ്ധ്യമായ സാഹചര്യത്തെ അവൾ അഭിമു ഖമായി കണ്ടു. ആർക്കും തന്നെ സഹായിക്കുവാൻ കഴിയുകയില്ലാ എന്ന് അവൾ വിചാരിച്ചുകാണും. അവൾ ആയിരുന്ന സ്ഥാനത്ത് അനേകർ ആയി രുന്നിട്ടുണ്ട്. ഒരുപക്ഷെ നിങ്ങൾ ഇപ്പോൾ ആ സ്ഥാനത്തായിരിക്കാം. സാഹ ചര്യം മുറുകി മുറുകി മനസ്സ് കൈവിട്ടുപോകുമോ എന്ന അവസ്ഥയിൽ പോ ലും ആയിരിക്കാം.

നിങ്ങൾക്കു എന്തു ചെയ്യുവാൻ കഴിയും? ആ ദുഃഖത്തിലായിരുന്ന അമ്മ ഇതാണ് ചെയ്തത്: ‘‘അപ്പോൾ അവൾ ഏലിയാവോടു, ‘അയ്യോ ദൈവപുരുഷ നേ, എനിക്കും നിനക്കും തമ്മിൽ എന്തു? എന്റെ പാപം ഓർപ്പിക്കേണ്ടതിനും എന്റെ മകനെ കൊല്ലേണ്ടതിനും ആകുന്നുവോ നീ എന്റെ അടുക്കൽ വന്നതു എന്നു പറഞ്ഞു!’ ’’ (വാക്യം 18).

‘‘ദൈവപുരുഷനേ’’ എന്ന അവളുടെ വാക്കിലെ പരിഹാസം ഒന്ന് ഊഹി ക്കുക. ‘‘ഞാൻ വിചാരിച്ചത് നീ ജീവിതം കൊണ്ടുവന്നിരിക്കുന്നു എന്നാണ്.’’ എന്നാൽ അവൾ നിലവിളിച്ചു പറഞ്ഞതു ‘‘മരണമാണ് നീ കൊണ്ടുവന്നത്! ഇത് ഒരു ക്രൂരമായ സൂത്രമായിരുന്നില്ലേ?’’[2]

ആ വിധവ ആദ്യം മരണത്തെ കണ്ടതുപോലെയല്ല ഇപ്പോൾ കാണുന്നത്. അവൻ അവളെ ആദ്യം കണ്ടപ്പോൾ അവൾ വിറകു പെറുക്കി അവൾക്കും മകനും അപ്പം ഉണ്ടാക്കി തിന്നു മരിക്കുവാൻ പോകുന്നു എന്നാണ് പറഞ്ഞത്. പിന്നെ അവൾ മരണത്തിൽനിന്നു പിൻവാങ്ങി. ആഴ്ചകളോളം അങ്ങനെ കഴി ഞ്ഞതിനാൽ മരണം ഒഴിവാക്കുവാൻ സാധ്യമല്ല എന്നാണ് അവൾ വിചാരിച്ച ത്. എങ്ങനെയായാലും, ഇപ്പോൾ മരണം അപ്രതീക്ഷിതമായി വന്നു; അവൾ അതിനു തയ്യാറായില്ല, അങ്ങനെ അവൾ ഏലിയാവിനെ പഴിക്കുവാൻ തുടങ്ങി.

രോഗിയുടെ അടുത്ത് ദിവസങ്ങൾ, മാസങ്ങൾ, ചിലപ്പോൾ വർഷങ്ങൾ തന്നെ ഇരുന്നു ശുശ്രൂഷിച്ച് അവസാനം രോഗി മരിക്കുമ്പോൾ, അവർക്ക് തങ്ങളുടെ പ്രിയപ്പെട്ടവരുടെ കഷ്ടം നീങ്ങിയതിൽ വലിയ ഒരാശ്വാസം ലഭി ച്ചതുപോലെ തോന്നും. കാരണം ആ മരണം അവർ പ്രതീക്ഷിച്ചതായിരുന്നു. ഒരുങ്ങിയിരുന്നവർക്ക് മരണം ആശ്വാസമായി തോന്നും. നേരെ മറിച്ച്, ന മുക്ക് വർഷങ്ങൾ ആസ്വദിക്കുവാനായി ഉണ്ടെന്നു തോന്നുമ്പോൾ, നമ്മുടെ വേണ്ടപ്പെട്ടവരുടെ മരണം അപ്രതീക്ഷിതമായി കടന്നുവരുന്നത് എത്ര ഹൃദ യഭേദകമാണ്!

നമ്മുടെ ഏറ്റവും അടുത്തുള്ള ഒരാൾ മരിക്കുമ്പോൾ (പ്രത്യേകിച്ച് പെട്ടെന്ന് മരണം സംഭവിക്കുമ്പോൾ) നാം സൗഖ്യ നടപടിയിൽ കൂടെ കടന്നുപോകും:

1. ഞെട്ടൽ
2. വൈകാരിക വിടുതൽ
3. നിരാശയും ഏകാന്തതയും
4. നിരുൽസാഹം അല്ലെങ്കിൽ ദുഃഖം
5. കുറ്റം
6. ശത്രുത അല്ലെങ്കിൽ വിരോധം
7. സാധാരണ പ്രവർത്തികളിലേക്ക് തിരിച്ചുവരുവാൻ വിഷമിക്കും

എല്ലാവരും അതേ ക്രമത്തിലും, അളവിലും കൂടെ ആയിരിക്കയില്ല കടന്നുപോകുന്നത്, പക്ഷെ എല്ലാവരിലും കാണപ്പെടുന്നതാണ് ദുഃഖം എന്നു നമുക്ക് നിസംശയം പറയാം. നാം അവയുമായി മല്ലിടുമ്പോൾ ലജ്ജിക്കേണ്ട ആവശ്യമില്ല.

ഒരു ഘട്ടമാണ് ‘‘ശത്രുത അല്ലെങ്കിൽ നീരസം.’’ അന്യായമായ സാഹചര്യത്തിൽ നാം കോപിച്ചേക്കാം. നാം ചെയ്യാതിരുന്ന എന്തിനെ കുറിച്ചെങ്കിലും ഓർത്തു നമ്മോടു തന്നെ നമുക്ക് നീരസം തോന്നും. അതു സംഭവിച്ചതിന് നാം ഡോക്ടറോടും നഴ്സുമാരോടും നീരസപ്പെട്ടേക്കാം. അത് സംഭവിച്ചതിന് നാം ചിലപ്പോൾ ദൈവത്തോടും ദേഷ്യപ്പെടും. നമ്മെ തനിച്ചാക്കി മരിച്ചുപോയവരോടും ചിലപ്പോൾ നാം നീരസപ്പെടും. അത് ഒരു സത്യമാണ്: ചിലപ്പോൾ നാം ദേഷ്യപ്പെടും.

സാരെഫാത്തിലെ വിധവ ദേഷ്യപ്പെടുകയും പൊട്ടിത്തെറിക്കുകയും ചെയ്തു. അവളുടെ ദേഷ്യത്തിനു കാരണക്കാരനായി കണ്ടത് ഏലിയാവിനെയായിരുന്നു. എന്തുകൊണ്ട്? ഏലിയാവ് അവളോട് എന്താണ് ചെയ്തത്? നല്ലതല്ലാതെ മറ്റൊന്നും ചെയ്തില്ല. ഏലിയാവിന്റെ ദൈവം അവളോട് എന്താണ് ചെയ്തത്? നല്ലതല്ലാതെ മറ്റൊന്നും ചെയ്തില്ല. എങ്ങനെയായാലും, അടുത്തുള്ളത് ഏലിയാവാണ്, ആകയാൽ അവനെത്തന്നെ ഉന്നം വെച്ചു. അവൾ ഫലത്തിൽ പറഞ്ഞു, ‘‘നീ എന്റെ പാപങ്ങൾക്ക് എന്നെ ശിക്ഷിപ്പാനാണ് വന്നിരിക്കുന്നത്, പക്ഷെ നീ എന്നെ കൊല്ലുന്നതിനുപകരം എന്റെ മകനെ കൊന്നിരിക്കുന്നു. ഞാൻ എന്തോ കഠിന പാപം ടെയ്തതുകൊണ്ടാണ് എന്റെ മകൻ മരിച്ചുപോയത്.’’

അത് ഒരു ഭയങ്കര വേദശാസ്ത്രമാണ്, പക്ഷെ പൊതുവായ ആശയമാണ് അത്. നമുക്ക് എന്തെങ്കിലും മോശമായതു സംഭവിച്ചാൽ, നാം ചെയ്ത ദുഷ്പ്രവൃത്തിക്കുള്ള ദൈവത്തിന്റെ പ്രതികാരമാണ് അത് എന്നു നാം വിശ്വസിക്കും. നാം നിലവിളിക്കും, ‘‘കർത്താവേ, എന്തുകൊണ്ടാണ് ഇത്? ഇതിനു തക്കതെന്ത് എന്താണ് ഞാൻ ചെയ്തത്?’’ ഇതായിരുന്നു വർഷങ്ങളോളം നിലനിന്ന ആശയം. ഇയ്യോബിന്റെ കാലത്ത് അവന്റെ ‘‘സ്നേഹിതന്മാർ’’ വിചാരിച്ചത് ഇയ്യോബിന് ഇത്രയും മോശമായ അത്യാഹിതങ്ങൾ സംഭവിച്ചത്, അവൻ പാപികളിൽ ഏറ്റവും മോശക്കാരനായതിനാലാണ് എന്നത്രെ. പിറവിയിലേ കുരുടനായി ജനിച്ച ഒരാളെ കണ്ട് യേശുവിന്റെ ശിഷ്യന്മാർ അവനോടു ചോദിച്ചു, ‘‘റബ്ബീ ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ?’’ (യോഹന്നാൻ 9:2). അവൻ അങ്ങനെയായത്

*അവനോ* അവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടല്ല എന്ന് യേശു അവരോട് പറഞ്ഞു (വാക്യം 3).

ആ തത്വം വാസ്തവ*മല്ല*. കഷ്ടതയും വ്യക്തിപരമായ പാപവും തമ്മിൽ യാന്ത്രികമായ ബന്ധമൊന്നുമില്ല. പൗലൊസിന് ''ജഡത്തിൽ ഒരു ശൂലം'' ഉണ്ടായിരുന്നു, അത് ദൈവത്തിന്റെ ഉദ്ദേശം അവനിൽ നിറവേറേണ്ടതിനായിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (2 കൊരിന്ത്യർ 12:7–9). നാം പഠിച്ചുകൊണ്ടിരിക്കുന്ന സംഭവം അത്തരത്തിലുള്ള ഒന്നാണ്. ഒരാൾ ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശത്തിലും ആയിരിക്കുമ്പോൾ തന്നെ, അയാളുടെ ജീവിതത്തിൽ ദുരന്തം സംഭവിച്ചേക്കാം. ഇവിടെ ദൈവം തിരഞ്ഞെടുത്ത ഭവനം, ഏലിയാവ് താമസിച്ചിരുന്ന ഭവനം. അവിടെ ദൈവത്തെ അനുസരിച്ച സ്ത്രീ, അവളെ അത്ഭുതകരമായി ദിവസവും ദൈവം പുലർത്തിക്കൊണ്ടിരുന്നു. എന്നിട്ടും, അവളുടെ ജീവിതത്തിലേക്കു ദുരന്തം കടന്നുവന്നു.

മരണവും മറ്റു അസാധ്യമായ സാഹചര്യങ്ങളും യഥാർത്ഥമാണ്. ഒരാൾ എത്ര ദൈവഭക്തനായിരുന്നാലും, അത് ആർക്കും എപ്പോഴും സംഭവിക്കാം. അവ *നിങ്ങളുടെ* വീട്ടിലും സംഭവിക്കാം.

### പരിഹാരം (17:19-21)

നമ്മെ ഏലിയാവിന്റെ സ്ഥാനത്താക്കി നമുക്ക് നോക്കാം. നമ്മിൽ ഒരാളോടാണ് ആ വിധവ വന്നു നിലവിളിക്കുന്നത് എന്നു കരുതുക, ''നീ എന്തിനാണ് ഈ ക്രൂരകൃത്യം എന്നോട് ചെയ്തത്?'' നാം എങ്ങനെ അതിനോട് പ്രതികരിക്കും?

ചിലപ്പോൾ നാം അതിനെ ദേഷ്യത്തോടെ പ്രതികരിക്കും: ''നീ ഇത്ര നന്ദിയില്ലാത്തവളാണോ! നീ ഇന്നും ജീവിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് നീ വിചാരിക്കുന്നത്? ഞാൻ ഇവിടെ വന്നില്ലായിരുന്നെങ്കിൽ രണ്ടു വർഷം മുൻപു തന്നെ നീയും – നിന്റെ മകനും മരിച്ചുപോകുമായിരുന്നില്ലേ?'' എന്നാൽ, ഏലിയാവ് അങ്ങനെ പ്രതികരിച്ചില്ല.

ഒരുപക്ഷെ നാം അവളെ ലജ്ജിപ്പിക്കുവാൻ ശ്രമിക്കും: ''നീ നിന്റെ അനുഗ്രഹങ്ങളെ ഒന്നു നോക്കുക. വാസ്തവത്തിൽ നീ വിചാരിച്ചതിനേക്കാൾ രണ്ടു വർഷം കൂടുതൽ നിന്റെ മകൻ ജീവിച്ചിരുന്നു. നിന്നേക്കാൾ കൂടുതൽ മോശമായ അവസ്ഥയിലുള്ള ആളുകളുണ്ടല്ലോ. മേഘത്തിൻകീഴിലുള്ള വെള്ളിവരകൾ നോക്കുക!'' വീണ്ടും ഏലിയാവിന്റെ പ്രതികരണം അങ്ങനെയായിരുന്നില്ല.

ഒരുപക്ഷെ അവളുടെ തത്വം മാറ്റുവാൻ നാം ആ സ്ത്രീയോട് ഒരു പ്രസംഗം തന്നെ നടത്തിയേക്കാം. വ്യക്തിപരമായ പാപവും കഷ്ടതയും തമ്മിൽ യാന്ത്രികമായ ബന്ധമില്ല എന്നു കാണിക്കുവാൻ ചുരുങ്ങിയത് ഇരുപത്തിയഞ്ചു വേദഭാഗങ്ങൾ എടുത്ത് കാണിച്ചേക്കാം. വീണ്ടും ഏലിയാവ് അതല്ല ചെയ്തത്.

ആളുകൾ അസാധ്യമായ സാഹചര്യങ്ങളിലായിരിക്കുമ്പോൾ, ആഴമേറിയ ചർച്ചക്ക് അവരുടെ മനസ് യോജിച്ചിരിക്കുകയില്ല. ഇത് ഞാൻ വർഷങ്ങൾക്ക് മുൻപ് പഠിക്കുകയുണ്ടായി. എന്റെ ഭാര്യ ജോയും ഞാനും കോളേജിൽനിന്നു പുറത്തിറങ്ങി ആദ്യമായി പ്രവർത്തിക്കുവാൻ പോയത് ഓക്ലഹോമ സിറ്റിയിലായിരുന്നു. ഞങ്ങൾ താമസിച്ച വീടിന്റെ എതിർവശത്തായി ഹോമറും എഡിത്ത് ബീവറും താമസിച്ചിരുന്നു, അവർ പ്രായമായ ദമ്പതികളായിരുന്നു, അവർ എനിക്ക് മാതാപിതാക്കളെ പോലെയായിരുന്നു. ഒരു ദിവസം ടെക്സാ

സിൽ വെച്ച് എഡിത്തിന്റെ കാർ അപകടത്തിൽ പെട്ട് അദ്ദേഹം മരിച്ചുപോയതായി എനിക്ക് ഫോൺ സന്ദേശം ലഭിച്ചു. ഞാനും എന്റെ ഭാര്യയും ശവസംസ്ക്കാരത്തിൽ പങ്കെടുക്കുവാനായി പോയി. കുറച്ചു മിനിന്റുകൾക്കു മുൻപായി ഞങ്ങൾ അവിടെ എത്തി. ഞാനാണ് ശുശ്രൂഷയിൽ പ്രസംഗിക്കേണ്ടത് എന്നു എന്നോട് പറഞ്ഞു. ഞാൻ ഏതാനും ശവസംസ്ക്കാരശുശ്രൂഷകൾ നടത്തിയിട്ടുണ്ട്. ഭാഗ്യവശാൽ ആ ആഴ്ച്ചയിൽ ''എന്തുകൊണ്ടാണ് ലോകത്തിൽ കഷ്ടതകൾ?'' എന്നതിനെ കുറിച്ച് പഠിക്കുകയായിരുന്നു. ഞാൻ ഏതാനും കുറിപ്പുകൾ തയ്യാറാക്കി – ഞാൻ അതിനു ഉചിതമായ വ്യക്തിയായിരിക്കുമെന്നു – എന്തുകൊണ്ട് എഡിത്തിന് ഈ അപകടം നേരിട്ടു എന്നു ബൈബിളിൽനിന്നു പ്രസക്തമായി വിവരിച്ചു കൊടുത്തു. അതിനു ശേഷം, ഞാൻ ശവപ്പെട്ടിയുടെ അടുത്തുചെന്നു നിന്നു, എഡിത്തിന്റെ മകൾ എന്റെ അടുത്തായി വന്നു നിന്നു. അതിനു ശേഷം, അവൾ എന്നോടു നന്ദി പറഞ്ഞ ശേഷം ചോദിച്ചു, ''എനിക്കൊരു ചോദ്യമുണ്ട്, എന്റെ അമ്മ എന്തുകൊണ്ടാണ് മരിച്ചത്?'' വീണ്ടും ഞാൻ പറയുന്നു, ആളുകൾ അസാദ്ധ്യ സാഹചര്യങ്ങളിലാകുമ്പോൾ, ആഴമേറിയ ചർച്ചക്ക് അവരുടെ മനസ്സ് പാകപ്പെടുത്തിയിരിക്കയില്ല.

ആ വിധവയുടെ പൊട്ടിത്തെറിക്കലിനോടു ഏലിയാവിന്റെ പ്രതികരണം എന്തായിരുന്നു? ''നിന്റെ മകനെ തരിക'' (വാക്യം 19). അവൻ അവളുമായി സംസാരിക്കുവാൻ നിന്നില്ല. അവൻ അവളെ തിരുത്തുവാൻ ശ്രമിച്ചില്ല. ''നിന്റെ മകനെ തരിക'' എന്നുമാത്രമാണ് അവൻ പറഞ്ഞത്.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഏലിയാവ് അവളെ സഹായിക്കുന്ന കാര്യങ്ങളാണ് ചെയ്തത്, ''അസാദ്ധ്യമായ സാഹചര്യങ്ങളിൽ'' ചെയ്യാവുന്ന അഞ്ച് കാര്യങ്ങളാണ് അവൻ ചെയ്തത്:

(1) അവൻ അവിടെ ഉണ്ടായിരുന്നു. അത് എളുപ്പമെന്നു തോന്നിയേക്കാം എന്നാൽ മറ്റുള്ളവരെ സഹായിക്കുന്നതിനേക്കാൾ പ്രാധാന്യം ഒരു പക്ഷെ മറ്റൊന്നിനും ഇല്ലായിരിക്കാം. നിങ്ങൾക്കു പറയുവാൻ കഴിയുന്നതിനേക്കാൾ നിങ്ങളുടെ സാന്നിദ്ധ്യം കുടുതൽ അർത്ഥവത്താകുന്നു. എന്ത് പറയണമെന്നു അറിയില്ല എങ്കിൽ, ഒന്നും പറയാതിരിക്ക – എന്നാൽ അവിടെത്തന്നെ ഉണ്ടാകുക നിങ്ങളുടെ കൈ മറ്റൊരു തോളിൽ ഇടുക; കവിളിൽ ഒരു ചുംബനം നൽകുക.

ഒരു ഇടവകയിലെ അംഗം അപ്രതീക്ഷിതമായി ഹൃദയാഘാതത്താൽ മരണപ്പെട്ടതു ഞാൻ പറഞ്ഞു. ശവസംസ്കാര ശേഷം, എതാനും ദിവസങ്ങൾ കഴിഞ്ഞ് ഞാൻ ആ വിധവയെ കണ്ടു. അവൾ എന്നോടു പറഞ്ഞു, ''ഞാൻ ഇതിൽ നിന്നു ഒരു പാഠം പഠിച്ചു. അപകടം വരുമ്പോൾ എന്തു പറയണമെന്നു എനിക്കു അറിയില്ലായിരുന്നു, അത് എന്നെ അലോസരപ്പെടുത്തിയിരുന്നു; എന്നാൽ ഈ കുറേ ദിവസങ്ങളായി ആളുകൾ എന്തു പറഞ്ഞു എന്നുള്ളതായിരുന്നില്ല, മറിച്ച് ആളുകളുടെ സാന്നിധ്യമായിരുന്നു പ്രധാനപ്പെട്ടത്.''

ഞാൻ അതിനോടു ചേർക്കുവാൻ ആഗ്രഹിക്കുന്നു: നിങ്ങൾ ആരെയെങ്കിലും സ്നേഹിക്കുന്നു എങ്കിൽ, അപകടം സംഭവിച്ച് ആഴ്ച്ചകളും മാസങ്ങളും കഴിഞ്ഞ് മറ്റുള്ളവർ എല്ലാം പിരിഞ്ഞു പോകുകയും ആ വീട്ടിലുള്ളവർ തനിച്ചാവുകയും ചെയ്യുമ്പോൾ അവിടെ സന്നിഹിതരാകുന്നതാണ് അവർക്ക് പ്രയോജനപ്പെടുക.

(2) അവൻ ആ സ്ത്രീയോടു സഹതപിച്ചു. അവൻ വാക്യം 20–ൽ, അവൾ

അവനോടു നിലവിളിച്ചതുപോലെ, കർത്താവിനോട് അവൻ നിലവിളിച്ചു. ആ വിധവയെപ്പോലെ, എന്തുകൊണ്ട് ഇത് സംഭവിച്ചു എന്ന് അവനും മനസിലായിരുന്നില്ല. ആ ദുഃഖിക്കുന്ന അമ്മയോട് അവനു മനസ്സലിവു തോന്നി. ''കരയുന്നവരോടുകൂടെ കരയുക,'' എന്ന് പൗലോസ് പറഞ്ഞു (റോമർ 12:15).

(3) മന്റുള്ളവർ വിഷമിക്കുമ്പോൾ അവൻ ശാന്തനായിരിക്കുന്നു. അവനു ദുഃഖമുണ്ടായിരുന്നെങ്കിലും വിധവയുടെ മുന്നിൽ അവൻ ശാന്തനായിരുന്നു. അവൾ ദുഃഖത്താൽ നിലവിളിച്ചപ്പോൾ അവന്റെ വ്യത്യസ്തത ശ്രദ്ധിക്കുക (വാക്യം 18), ''നിന്റെ മകനെ തരിക'' എന്നു മാത്രം പറഞ്ഞു (വാക്യം 19).

ഉന്മാദത്തോട് എന്തെങ്കിലും കൂട്ടിയാൽ, നിങ്ങൾക്കു സഹായിക്കാൻ സാദ്ധ്യമല്ല. നിങ്ങൾ വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, നിങ്ങളോടു തന്നെ ക്ഷമിച്ചു, ദൂരെ പോകുകയും, വിട്ടു നിൽക്കുകയും, *പിന്നെ* വന്നു ആശ്വസിപ്പിക്കുകയും ചെയ്യുക.

(4) തനിക്കു കഴിവുള്ളതു അവൻ ചെയ്തു. അവൻ കുട്ടിയെ എടുത്തു, അവന്റെ മുറിയിലേക്കു കൊണ്ടു പോയി, അവന്റെ കിടക്കയിൽ കിടത്തി. അതിനു ചിലവുണ്ടായിരുന്നു. മോശയുടെ ന്യായപ്രമാണത്തിൽ ഒരാൾ മൃതശരീരത്തെ സ്പർശിച്ചാൽ അയാൾ അശുദ്ധനായി തീരുന്നു. പൊതുവിൽ, ആളുകൾ മൃതശരീരത്തെ സ്പർശിക്കുന്നത് കഴിവതും ഒഴിവാക്കും. ഏലിയാവ് അവളെ സഹായിക്കേണ്ടതിനു ത്യാഗം അനുഷ്ഠിക്കുകയായിരുന്നു.

കുഴപ്പം പിടിച്ച ആളുകളുടെ മാനസീകാവസ്ഥയെക്കുറിച്ചു പല വിശദാംശങ്ങളും നമുക്കു നൽകാം: ഫോൺ ചെയ്യുവാനായിട്ടുണ്ട്, പല ഏർപ്പാടുകളും ചെയ്യുവാനുണ്ട്, ആളുകൾക്ക് യാത്രാ സൗകര്യം നൽകണം. പാത്രം കഴുകുകയും, ആഹാരം പാചകം ചെയ്യുകയും വിളമ്പുകയും ചെയ്യണം. പുറത്തുനിന്നു വരുന്നവർക്ക് ഒരുപക്ഷെ താമസ സൗകര്യവും നൽകണം. ''എന്തുചെയ്യണമെന്നു എനിക്കറിയില്ല,'' എന്നതായിരിക്കാം കഴിഞ്ഞകാലത്തെ നമ്മുടെ പ്രതികണം. നിങ്ങൾക്കു ചെയ്യുവാൻ കഴിയുന്ന *എന്തെങ്കിലും* ചെയ്തതായി നിങ്ങൾക്കു ഓർമ്മവരുന്നുണ്ടോ? എങ്കിൽ അതു ചെയ്യുക.

''ഞാൻ നിങ്ങളുടെ ഷൂസ് പോളിഷ്ചെയ്യുന്നതിനാണ് വന്നത്'' എന്ന ഒരു ലേഖനം വർഷങ്ങൾക്കു മുമ്പ് *റീഡേഴ്സ് ഡൈജെസ്റ്റിൽ* വരികയുണ്ടായി. ഒരു മരണം സംഭവിക്കുമ്പോൾ എന്തു ചെയ്യണമെന്നു അറിയാതിരുന്ന ഒരാളുണ്ടായിരുന്നു. അപ്പോൾ അയാളുടെ കുടുംബത്തിലും സ്നേഹിതന്റെ കുടുംബത്തിലും മരണം സംഭവിച്ചപ്പോൾ അവിടെയുണ്ടായിരുന്ന എല്ലാ ഷൂസും പോളിഷ് ചെയ്തു, അങ്ങനെ എല്ലാവർക്കും ഉടനെ ശവസംസ്കാരത്തിനു പോകുവാനും കഴിഞ്ഞു. അതു കഴിഞ്ഞു ഈ മനുഷ്യൻ ഷൂ - പോളിഷ് ബോക്സ് എടുത്തു, എവിടെ മരണം സംഭവിക്കുന്നുവോ, ആ വീട്ടിൽ പോയി, ഷൂസെല്ലാം ശേഖരിച്ച് പോളിഷ് ചെയ്തു തുടങ്ങി.

(5) ഏന്റവും പ്രാധാന്യമെന്തെന്നാൽ, ഏലിയാവ് ദുഖിക്കുന്ന ആ അമ്മക്കുവേണ്ടി ദൈവസന്നിധിയിൽ ഏത്തി. വാക്യം 20-ൽ അവൻ തന്റെ നിരുത്സാഹത ദൈവത്തിൽ അർപ്പിച്ചു: ''എന്റെ ദൈവമായ യഹോവേ, ഞാൻ വന്നു പാർക്കുന്ന ഇവിടത്തെ വിധവയുടെ മകനെ കൊല്ലുവാൻ തക്കവണ്ണം നീ അവൾക്കു അനർത്ഥം വരുത്തിയോ?'' പിന്നെ അവൻ മൂന്നു പ്രാവശ്യം കുട്ടിയുടെ മേൽ കവിണ്ണു കിടന്നു. അവൻ ചെയ്തത് ഒരുപക്ഷെ ഏലീശ തന്റെ വായും, കൈയും, കണ്ണും ബാലന്റേതിനോടു ചേർത്തു കിടന്നതുപോലെ ആയിരിക്കാം (2 രാജാക്കന്മാർ 4:34 നോക്കുക). അവൻ അതു ചെയ്തപ്പോൾ അവൻ

യഹോവയോടു നിലവിളിച്ചു: ‘‘എന്റെ ദൈവമായ യഹോവേ, ഈ കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങിവരുമാറാകട്ടെ’’ (വാക്യം 21).

ഏലിയാവ് ബാലന്റെമേൽ കവിണ്ണു വീണതു എന്തിനാണെന്നു എനിക്കറിയില്ല. ബൈബിൾ അതു നമ്മോടു പറയുന്നില്ല. അവൻ അതു ശരീരത്തെ ചുടു പിടിപ്പിക്കുവാനാണോ ചെയ്തതു? ഒരുപക്ഷെ ആയിരിക്കാം (2 രാജാക്കന്മാർ 4:34 നോക്കുക). മുഖാമുഖമായി ബോധം വരുത്തുവാനുള്ള ആദ്യ ശ്രമമാണോ ഇത്?[3] ഞാൻ അതു സംശയിക്കുന്നു.

ഓർക്കുക, ഇതു മുൻപ് സംഭവിച്ചിട്ടില്ല. ആദാമും ഹവ്വയും ഹാബേലിനെ കുഴിച്ചിട്ടു, അവനെ ഉയർപ്പിച്ചില്ല. ഏലിയാവിന്റെ കാലം വരെ ആയിരക്കണക്കിന് ആളുകൾ മരിച്ചുപോയിരുന്നു; അവരിൽ ആരും ജീവിതത്തിലേക്ക് തിരിച്ചു വന്നിരുന്നില്ല. നമുക്ക് അറിയാവുന്നേടത്തോളം, ആരും ഇത്ര ധൈര്യമായി മരിച്ചവരെ ഉയർപ്പിക്കുവാൻ ദൈവത്തോട് ആവശ്യപ്പെട്ടിട്ടുമില്ല. ഏലിയാവ് അസാധ്യമായതിന് ശ്രമിക്കുകയായിരുന്നു (ഓർക്കുക, ‘‘അസാധ്യമായ സാഹചര്യങ്ങളെ കുറിച്ചാണ്!’’ നാം സംസാരിക്കുന്നത്). അവനു മുൻപു സംഭവിച്ചിട്ടില്ലാത്തതുകൊണ്ട്, സ്വീകരിക്കേണ്ട നടപടിക്രമങ്ങളുമില്ലായിരുന്നു.

നാം അസാധ്യ സാഹചര്യങ്ങളിൽ കൂടെ കടന്നുപോകുമ്പോൾ, നമുക്ക് സ്വീകരിക്കുവാൻ നടപടി ക്രമങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ എന്ന് ആഗ്രഹിച്ചുപോകയില്ലേ? ക്ഷമയെ കുറിച്ച് ഒരുപക്ഷെ റഫറൻസ് ഗ്രന്ഥം ഉപയോഗിക്കുവാൻ കഴിഞ്ഞേക്കാം: ‘‘നിങ്ങളുടെ അക്ഷമ ഗൗരവമുള്ളതാണെങ്കിൽ, ഈ നാലു കാര്യങ്ങൾ ചെയ്യുക, അഞ്ചാമത്തേതും ആറാമത്തേതും ചെയ്യുക’’; അല്ലെങ്കിൽ ‘‘മരണത്തെ കൈകാര്യം ചെയ്യുന്ന ഒരു റഫറൻസ് ഗ്രന്ഥം: ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നീ സ്റ്റെപ്പുകൾ എടുക്കുക, *കൂടാതെ* നിങ്ങളുടെ മകനോ, അമ്മയോ നഷ്ടമായാൽ ആഞ്ചു മുതൽ പത്തുവരെയുള്ള സ്റ്റെപ്പുകളിലൊന്നു എടുക്കുക.’’ ദൈവം അത്തരത്തിലുള്ള റഫറൻസ് ഗ്രന്ഥം നൽകിയിട്ടില്ല. പൊതുവായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ഏക ഗ്രന്ഥമാണ് അവൻ നൽകിയിരിക്കുന്നത്; അതാണ് ബൈബിൾ. എങ്ങനെയായാലും അത്, 1–2–3 എന്നീ രീതിയിലുള്ള റഫറൻസ് ഗ്രന്ഥമല്ല. മറിച്ച്, അത് തത്വങ്ങളുടെ പുസ്തകമാണ്. ദൈവം പറയുന്നു, ‘‘ആ തത്വങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണ് വേണ്ടത്.’’

ഏലിയാവിന് മരിച്ചവരെ ഉയർപ്പിക്കുവാനുള്ള ഒരു റഫറൻസ് ഗ്രന്ഥം ഇല്ലാതിരുന്നതിനാൽ, അവൻ ചെയ്തത് ഒരുപക്ഷെ, ‘‘നിനക്ക് കഴിയുന്നത് ചെയ്ക’’ എന്ന തത്വത്താലായിരിക്കാം. തന്റെ ശരീരത്തിന്റെ ചൂട് നൽകുന്നതു ആവശ്യമായിരുന്നു, അതുകൊണ്ട് അവൻ അങ്ങനെ ചെയ്തു. കൂടാതെ കുട്ടിക്ക് ജീവൻ തിരിച്ചു കിട്ടിയശേഷം, ലഭിച്ച ഫലത്തിൽ അവൻ സംപ്രീതനായിരുന്നു എന്നാണ് ഞാൻ കരുതുന്നത്, അതിനാൽ അവൻ അതു ഏലീശയോട് പങ്കിടുകയും ചെയ്തിരിക്കണം, അതുകൊണ്ടാണ് ഏലീശ അങ്ങനെ തന്നെ ചെയ്തത് (2 രാജാക്കന്മാർ 4). അത് അങ്ങനെ തന്നെ ചെയ്യേണ്ടതാണോ? ഇല്ലായിരിക്കാം. യേശു വന്നു, സംസാരിക്കുകയും, ആളുകൾ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേൽക്കുകയും ചെയ്തു (ഒ. വാ. ലൂക്കൊസ് 7:14; മുതലായവ).

അതു നമ്മെ *യഥാർത്ഥ* ശക്തിയുടെ ഉറവിടത്തിലേക്ക് കൊണ്ടുവരുന്നു: ഏലിയാവ് കുട്ടിയുടെ മേൽ കവിണ്ണുവീണതായിരുന്നില്ല, മറിച്ച്, ഏലിയാവിന്റെ പ്രാർത്ഥന: ‘‘യഹോവയായ ദൈവമേ, കുട്ടിയുടെ പ്രാണൻ അവനിലേക്ക് മടങ്ങി വരേണമേ.’’ ആ അത്ഭുതസന്ദേശത്തിലെ പ്രധാന സന്ദേശം മങ്ങി

പ്പോകുവാൻ അനുവദിക്കരുത്: ഏലിയാവ് പ്രശ്നം *ദൈവ*ത്തിൽ ഏൽപിച്ചു.

മൂന്നു വർഷം മുൻപ് ഏലിയാവിന്റെ പ്രാർത്ഥനയാൽ മഴ നിന്നുപോയിരുന്നു. പ്രർത്ഥനയുടെ ഫലമായി തീ ഇറങ്ങിവരുന്നതും മഴ പെയ്യുന്നതും നാം അടുത്ത അദ്ധ്യായത്തിൽ കാണും. ആ പ്രവാചകൻ പ്രാർത്ഥനയിൽ വിശ്വസിച്ചിരുന്നു – അവൻ പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനക്ക് ശക്തിയുണ്ട്.

ഇപ്പോൾ നിങ്ങൾ അസാദ്ധ്യമായ സാഹചര്യങ്ങിലാണോ ഉള്ളത്? നിങ്ങളുടെ സാഹചര്യത്തെ കുറിച്ചു പറയുന്ന ഒരു വാക്യം ഇതാ: ''അതു മനുഷ്യർക്ക് അസാദ്ധ്യമെങ്കിലും *ദൈവത്തിനു സകലവും സാദ്ധ്യം*" (മത്തായി 19:26; എംഫസിസ് മൈൻ). മരണമോ, മന്നു അസാധ്യമായ സാഹചര്യങ്ങളോ നേരിടുമ്പോൾ പ്രാർത്ഥിക്കുക. മുട്ടിന്മേൽ നിന്നു *പ്രാർത്ഥിക്കുക*. പ്രാർത്ഥിക്കുവാൻ പ്രയാസം നേരിട്ടാലും പ്രാർത്ഥിക്കുക. പ്രാർത്ഥിക്കുവാൻ തോന്നുന്നില്ലെങ്കിലും, പ്രാർത്ഥിക്കുക. ''എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം'' എന്നു പ്രാർത്ഥിക്കുക. *നിങ്ങൾ* ആകേണ്ടതുപോലെ ആകുവാനായി പ്രാർത്ഥിക്കുവാൻ മറക്കരുത്.

തന്റെ ജീവിതത്തിൽ നേരിട്ട പ്രശ്നങ്ങൾ നിമിത്തം നിരുൽസാഹത്തിലായ ഒരു ക്രിസ്തീയ പിതാവും അദ്ധ്യാപകനുമായ ഒരാളെ എനിക്കറിയാം. അയാൾ എഴുതി, ''ഞാൻ എന്റെ വിദ്യാർത്ഥികൾക്കും മക്കൾക്കും വേണ്ടി പ്രാർത്ഥിച്ചു, ഒന്നും സംഭവിച്ചില്ല. പിന്നെ ഞാൻ എന്റെ വിദ്യാർത്ഥികളുടെ അദ്ധ്യാപകനും മക്കളുടെ അപ്പനും വേണ്ടി പ്രാർത്ഥിച്ചു, അപ്പോൾ കാര്യങ്ങൾ നന്നാവാൻ തുടങ്ങി.''

## ഫലങ്ങൾ (17:22-24)

അടിസ്ഥാനപരമായി രണ്ടു ഫലങ്ങളാണുണ്ടായത്. ആദ്യം, ശക്തി ലഭിച്ചു.

ആ സംഭവപരമ്പരകളാൽ അമ്മക്ക് ശക്തി ലഭിച്ചു. അവളുടെ വിശ്വാസം ബലപ്പെട്ടു. മകന്റെ പ്രാണൻ തിരിച്ചുകിട്ടിയ ശേഷം വാക്യം 24 ശ്രദ്ധിക്കുക: ''നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യം എന്നും *ഞാൻ ഇതിനാൽ അറിയുന്നു*'' (എംഫസിസ് മൈൻ). ആ വിധവ മുൻപ് അത്ഭുതങ്ങൾ കണ്ടിട്ടുണ്ട്, എന്നാൽ ഇത്, അവളെ അവസാന തീർപ്പിലെത്തിച്ചു!

ആ വിധവ യെഹൂദമതാനുസാരിയായി തീർന്നുവെന്നും അവളുടെ മകൻ പിന്നീട് യോനാ പ്രവാചകനായി തീർന്നു എന്നുമാണ് യഹൂദ പാരമ്പര്യം പറയുന്നത്.[4] അത് അങ്ങനെയായാലും ഇല്ലെങ്കിലും, ആ സ്ത്രീ അസാധ്യമായ സാഹചര്യങ്ങളിൽനിന്ന് യഹോവയിലുള്ള വിശ്വാസത്തിൽ ശക്തയായി തീർന്നു എന്ന് എനിക്ക് പറയുവാൻ കഴിയും.

എങ്ങനെയായാലും, ആ അമ്മ മാത്രമായിരുന്നില്ല ശക്തിപ്പെട്ടത്, ഏലിയാവും, തന്റെ മൂന്നര വർഷക്കാലത്തെ ഒളിവ് ജീവിതത്തിൽ, മുമ്പത്തേക്കാൾ അവൻ ശക്തി പ്രാപിച്ചു. അടുത്ത അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, അവൻ ഒന്നക്ക് രാജാവിന്റെ മുൻപിൽ നിൽക്കുകയും ബാലിന്റെ 450 പ്രവാചകന്മാരെ തീയാൽ വെല്ലുവിളിക്കുകയും ചെയ്തു, എങ്കിലും അതിലൊന്നിലും ഏലിയാവിനെ ഭീഷണിപ്പെടുത്തിയില്ല. എന്നിരുന്നാലും, മുമ്പ് സംഭവിച്ചിട്ടില്ലാത്ത വിധത്തിൽ, അവൻ ദൈവമായ യഹോവയുടെ സഹായത്താൽ, മരണത്തെ തോൽപിച്ചു! ജീവിതത്തോട് മല്ലിട്ടുകൊണ്ടിരിക്കയും, ജീവിതത്തിനും മരണത്തിനുമിടക്ക്, പ്രാണൻ മരിച്ചവനിലേക്ക് വരുന്നത്

അവൻ കണ്ടു, അപ്പോൾ സ്വർഗത്തിൽനിന്നു പ്രാർത്ഥിച്ചു തീ ഇറക്കുന്നത് നിസാരമായ കാര്യമല്ലേ?

ജീവിതത്തിൽ അസാധ്യമായ സാഹചര്യങ്ങൾ വരുന്നതു നമുക്ക് ആർക്കും ഇഷ്ടമല്ല. നാം ആരും അത് ചോദിച്ചു വാങ്ങുകയുമില്ല. എങ്കിലും, നാം ഇതു തിരിച്ചറിയണം: അസാധ്യമായ സാഹചര്യങ്ങൾ നമുക്കുണ്ടായപ്പോൾ, ദൈവസഹായത്താൽ, നാം ശക്തരാകുകയും, ജീവിതത്തിൽ അടുത്തതായി വരുന്നതെന്തായാലും നേരിടുവാൻ നാം സജ്ജമാകയും ചെയ്തിരിക്കയാണ്.

സംഭവത്തിന്റെ നാടകീയമായ അന്ത്യം നമുക്ക് നോക്കാം. രണ്ടാമത്തെ ഫലം എന്തെന്നാൽ പ്രതിഫലങ്ങൾ ലഭിച്ചുവെന്നതാണ്. റോമർ 8:28 പറയുന്നു, ''ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മക്കായി പ്രവർത്തിക്കുന്നു.'' ആ സത്യം വെളിപ്പെടുത്തുന്ന ഒരു മനോഹര ചിത്രമാണ് ആ സംഭവം. ഈ വേദഭാഗത്തെ കുറിച്ച് ഒരിക്കൽ ഞാൻ പ്രസംഗിച്ചശേഷം, ഒരാൾ പറഞ്ഞു, ''സന്തോഷ പര്യവസായിയായ കഥകൾ എനിക്ക് ഇഷ്ടമാണ്.'' ആ സംഭവത്തിന് സന്തോഷകരമായ അന്ത്യമാണുള്ളത്. ''യഹോവ ഏലിയാവിന്റെ പ്രാർത്ഥന കേട്ടു, കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങി വന്നു അവൻ ജീവിച്ചു. ഏലിയാവ് കുട്ടിയെ എടുത്ത് മാളികയിൽ നിന്നു താഴെ വീട്ടിലെക്ക് കൊണ്ടു ചെന്നു അവന്റെ അമ്മക്കു കൊടുത്തു. 'ഇതാ നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്ന് ഏലിയാവ് പറഞ്ഞു' '' (വാക്യം 22, 23).

ജീവനുള്ള മകനെ മാളികയിൽനിന്നു ഏലിയാവ് അമ്മക്കു കൊടുത്തപ്പോൾ ആ അമ്മയിലുണ്ടായ ആശ്ചര്യം ഊഹിച്ചു നോക്കുക! ഏലിയാവിന്റെ ലളിതമായ വാക്കുകൾ ശ്രദ്ധിക്കുക: ''ഇതാ, നിന്റെ മകൻ ജീവിച്ചിരിക്കുന്നു.'' ''ഞാൻ ചെയ്തിരിക്കുന്നത് എന്താണെന്ന് നോക്കുക'' എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ, ''ഇതാ നിന്റെ മകൻ ജീവിച്ചിരിക്കുന്നു'' എന്നു മാത്രമാണ് പറഞ്ഞത്. ആ ചെറിയ വീട്ടിൽ സന്തോഷം അല തല്ലി! വീണ്ടും കണ്ണുനീരണിഞ്ഞു കാണും, പക്ഷെ ഈ സമയത്തെ കണ്ണുനീർ, സന്തോഷത്താലുള്ള കണ്ണുനീരായിരുന്നു.

പ്രാർത്ഥന എല്ലായ്പോഴും നമ്മുടെ പ്രിയപ്പെട്ടവരെ തിരിച്ചുകൊണ്ടുവരും എന്നല്ല ഞാൻ പറയുന്നത്, പിന്നെയോ, നേരിടുവാനും വിജയിക്കുവാനും പ്രാർത്ഥന നമ്മെ സഹായിക്കും എന്നാണ് പറയുന്നത്. 1985 ഡിസംബറിൽ, ഡള്ളാസ്/ഫോർട്ട്വർത്തിലുള്ള ഒരു കടയിൽ വെച്ച് കവർച്ചക്കാരൻ ഒരു സ്ത്രീയുടെ മകനെ വെടിവെച്ചുകൊന്ന സംഭവം കടയിലെ വീഡിയോ കാമറയിൽ കണ്ട ദൃശ്യം ടിവിയിൽ വീണ്ടും വീണ്ടും പ്രദർശിപ്പിച്ചപ്പോൾ, ആസ്പത്രിയിൽ വെച്ച് ആ സ്ത്രീ അബോധാവസ്ഥയിലായിരുന്ന തന്റെ മകനോട് സംസാരിക്കുന്നതും ടിവി പ്രക്ഷേപണം ചെയ്തു. അവരുടെ മകൻ മരിച്ച ശേഷം അവളുമായി നടത്തിയ അഭിമുഖവും ടിവിയിൽ വരികയുണ്ടായി. അവളുടെ മകൻ മരിക്കുവാനൊരുങ്ങി എന്നും അവളോട് സമാധാനമായിരിക്കണമെന്നും അവൻ പറഞ്ഞു എന്നും അവൾ പറഞ്ഞു. അതു വിവരിച്ചയാൾ പറഞ്ഞതിൽ രണ്ടു കാര്യങ്ങൾ എന്റെ ശ്രദ്ധ ആകർഷിച്ചു: (1) അവളിലും അവൾക്കു ചുറ്റും അതിശയകരമായ ശക്തിയായിരുന്നു അനുഭവപ്പെട്ടത്. (2) അവൾ അതിയായ ഭക്തിയുള്ളവളായി തീർന്നു. അതെ ജീവിതത്തിൽ ഏതു അസാധ്യമായ സാഹചര്യം നേരിട്ടാലും *ദൈവ*ത്തിനു നിങ്ങളെ സഹായിക്കുവാൻ കഴിയും.

എങ്ങനെയായാലും, നാം ഒരു പടി കൂടെ മുൻപോട്ടു പോകണം. മകൻ നഷ്ടപ്പെട്ട സാരെഫാത്തിലെ വിധവയും ഇന്ന് പ്രിയപ്പെട്ടവർ നഷ്ടപ്പെടുന്ന

വരും തമ്മിലുള്ള സമാനത നമുക്ക് വരയ്ക്കാം. പൗലൊസ് അത് 1 തെസലൊനിക്യർ 4-ൽ പറയുന്നു:

> സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെ പോലെ ദുഃഖിക്കാതിരിക്കേണ്ടതിന് നിദ്രകൊള്ളുന്നവരെക്കുറിച്ച് അതായത് [മരിക്കുന്നവർ] അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ, അങ്ങനെതന്നെ *ദൈവം നിദ്ര കൊണ്ടവരേയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും* ... പിന്നെ കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (വാക്യങ്ങൾ 13, 14, 17; എംഫസിസ് മൈൻ).

ഏലിയാവ് വിധവയുടെ മകനെ തിരിച്ചു കൊ*ണ്ടു*വന്നതുപോലെ, യേശു മടങ്ങി വരുമ്പോൾ നിങ്ങളുടെ പ്രിയപ്പെട്ടവരേയും കൊണ്ടുവരും! നാം എഴുന്നേറ്റു മേഘത്തിൽ അവരെ കണ്ടുമുട്ടും. നാം വിശ്വസ്തരായിട്ടാണ് ജീവിച്ചതെങ്കിൽ നാം എന്നേക്കും കർത്താവിനോടുകൂടെ ആയിരിക്കും. അത് എന്തൊരു പുനരേകീകരണമായിരിക്കും! ''ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ'' (1 തെസലൊനിക്യർ 4:18).

## ഉപസംഹാരം

നമുക്ക് റോമർ 8:28 ലേക്ക് മടങ്ങി പോകാം, നാം ഈ പാഠങ്ങളിൽ കണ്ടതിലധികവും ആ ഭാഗത്ത് പറയുന്നു: ''ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് സകലവും നന്മക്കായി പ്രവർത്തിക്കും.'' ദുരന്തത്തെ വിജയമാക്കുവാൻ ദൈവത്തിനു കഴിയും. എങ്ങനെയായാലും, ആ വേദഭാഗത്തിൽ രണ്ട് നിബന്ധനകളുണ്ട്: ''ദൈവത്തെ സ്നേഹിക്കുന്നവർക്കും, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും'' നാം ഓരോരുത്തരും പൂർണ്ണ ഹൃദയത്തോടും, മനസോടും, ആത്മാവോടും, ശക്തിയോടും കൂടെ ദൈവത്തെ സ്നേഹിക്കണം. അവൻ സുവിശേഷത്താൽ വിളിക്കുമ്പോൾ (2 തെസലൊനിക്യർ 2:14). നാം ഓരോരുത്തരും പ്രതികരിക്കയും വേണം (മർക്കൊസ് 16:16). *അവന്റെ* ഉദ്ദേശത്തിനായി ഓരോരുത്തരും ജീവിതത്തെ ഏൽപിച്ചുകൊടുക്കണം. യേശു പറഞ്ഞു, ''നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, എന്റെ കൽപനകൾ പ്രമാണിക്കും'' (യോഹന്നാൻ 14:15).

നിങ്ങളുടെ ജീവിതത്തിൽ മേൽക്കുര വീഴുമ്പോൾ, ദൈവം നിങ്ങളെ സഹായിക്കേണ്ടതിന്നു നിങ്ങൾ കർത്താവിന്റെ നിബന്ധനകൾ അനുസരിച്ചിട്ടുണ്ടോ?

---

കുറിപ്പുകൾ

[1]ഈ സംഭവത്തിൽ ''അവനിൽ ശ്വാസം ഒന്നും അവശേഷിച്ചില്ല'' പര്യുക്തം ''കാരണം മരിച്ചു.'' [2]വിധവ പറഞ്ഞതെന്താണെന്നതിനെക്കുറിച്ച് ചോദ്യമുയർന്നിട്ടുണ്ട്. അവളുടെ വാക്കുകൾ എബ്രായ ഭാഷയിൽ ഇങ്ങനെ വായിക്കുന്നു ''എനിക്കു

നിന്നോട് എന്ത്?'' ഏലിയാവ് വിശുദ്ധനാകകൊണ്ടായിരിക്കാം (''ദൈവമനുഷ്യൻ''), അവൾ പാപിയാണെന്നതിനാലാണ്, അവളുടെ കുഞ്ഞും മരിക്കുവാൻ പോകുന്ന തെന്ന ചിന്തയിലായിരുന്നു അവൾ. എങ്ങനെയായാലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഏലിയാവാകുന്നു ഉത്തരവാധി. [3]ഇതു സൂചിപ്പിക്കാൻ പറ്റിയ വാക്ക് എബ്രായ ഭാഷയിൽ ഇല്ല, എന്നാൽ സെപ്റ്റുവജിന്റിൽ ചേർത്തിരിക്കുന്നതു ''ഹീ ബ്രീത്ഡ് ഇൻ ടു ദ ചൈൽഡ്'' എന്നാണ്. [4]വാക്യം 24 ലെ ''സത്യം'' എന്ന് തർജ്ജിമ ചെയ്തതിൽ നിന്ന് രൂപപ്പെട്ടതാകാം ''അമീത്തായി''. യോനയുടെ അപ്പന്റെ പേ രായിരുന്നു അമീത്തായി(യോനാ 1:1). ഈ വ്യക്തമല്ലാത്ത അടിസ്ഥാനത്തിലാണ് ചിലർ കരുതുന്നത് ആ വിധവ അമിത്തായിയെ വിവാഹം കഴിച്ചുവെന്നും അതിലുണ്ടായ മക നായിരുന്നു യോനാ എന്നുമാണ്.

---

## ദൃശ്യ-സഹായ കുറിപ്പുകൾ

ദുഃഖകരമായ ഘട്ടങ്ങളെ കുറിച്ച് ഒരു ചാർട്ടുണ്ടാക്കുന്നത് പ്രയോജനം ചെയ്തേക്കാം. പാഠത്തിൽ ഘട്ടങ്ങൾ ചുരുക്കമായിട്ടാണ് പറഞ്ഞിരിക്കുന്നതെ ങ്കിലും, ചാർട്ട് കാണിക്കുകയാണെങ്കിൽ, ചിലത് അവതരിപ്പിക്കുന്നത് നന്നാ യിരിക്കു ം. ആ ഘട്ടങ്ങളിൽ കൂടെ കടന്നുപോകുമ്പോൾ ലജ്ജിക്കേണ്ടതില്ല എന്നു ഊന്നി പറയുക.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- എ. മുഖവുരയായി നമുക്ക് എബ്രായർ 11:32–35 വായിക്കാം. പിന്നെ ആദ്യം ''സ്ത്രീക്ക് അവളുടെ മകന്റെ പ്രാണൻ തിരിച്ചു കിട്ടി യത്'' പരിശോധിക്കാം.
- ബി. നമ്മുടെ പാഠം:
  1. മേൽക്കൂര വീഴുന്നതു ഭയാനകമായ ഒന്നായിരിക്കാം.
  2. യാഥാർത്ഥ്യവും, പരിഹാരവും, ഫലങ്ങളും കാണുവാൻ ന മുക്ക് 1 രാജാക്കന്മാർ 17:17–24 ലേക്ക് പോകാം.

I. യാഥാർത്ഥ്യം (17:17, 18)

- എ. മരണത്തെ കുറിച്ച് ചിന്തിക്കുന്നത് നമുക്ക് ഇഷ്ടമല്ല, പക്ഷെ അത് യാഥാർത്ഥ്യമാണ്.
  1. പിശാചിന്റെ ഭോഷ്ക്ക്: ഉൽപത്തി 3:4.
  2. സത്യം: എബ്രായർ 9:27.
- ബി. ആ സ്ത്രീ മരണ യാഥാർത്ഥ്യം അറിഞ്ഞിരുന്നു.
  1. അവളുടെ ഭർത്താവ് മരിച്ചിരുന്നു.
  2. ഏലിയാവ് വരുമ്പോൾ, അവളും മകനും മരിക്കുവാൻ ഒരു ങ്ങിയിരുന്നു, എന്നാൽ വധശിക്ഷ നീട്ടിവെച്ചു.
  3. ഇപ്പോൾ അവളുടെ മകൻ മരിക്കുന്നു (വാക്യം 17).
- സി. അവളുടെ പ്രതികരണം ശ്രദ്ധിക്കുക (വാക്യം 18).
  1. നാം അവളെ ആദ്യം കണ്ടതിൽനിന്നും മരണത്തോടുള്ള അവളുടെ മനോഭാവത്തിലുണ്ടായ അന്തരം നോക്കുക!

മുൻപ് അവൾ പിൻ വാങ്ങിയിരുന്നു; ഇപ്പോൾ അവൾ കോപിഷ്ഠയായി.

- എ. മരണശേഷമുള്ള സൗഖ്യനടപടികളിലെ ഘട്ടങ്ങൾ:
    - (1) ഞെട്ടൽ
    - (2) വികാരപരമായ വിടുതൽ
    - (3) വിഷാദവും ഏകാന്തതയും
    - (4) നിരാശയും ദുഃഖവും
    - (5) കുന്നം
    - (6) ശത്രുതയും നീരസവും
    - (7) സാധാരണ പ്രവർത്തികളിലേക്ക് തിരിച്ചുവരുവാൻ വിഷമിക്കുന്നു
- ബി. ഇവിടെ നാം ''ശത്രുതയും നീരസവും'' കാണുന്നു.

2. അവൾ ഏലിയാവിനോട് നിലവിളിക്കുന്നു. നമ്മുടെ മനസിനും ശരീരത്തിനും വേദന ഏൽക്കുമ്പോൾ നാം പറയുകയും ചെയ്യുകയും ചെയ്തത് ഓർത്ത് പലപ്പോഴും നമുക്ക് ദുഃഖിക്കേണ്ടിവരും.

II. പരിഹാരം (17:19-21)

- എ. ഏലിയാവ് എന്താണ് ചെയ്യാതിരുന്നത്:
    1. അവൻ തിരിച്ച് ദേഷ്യം പ്രകടിപ്പിച്ചില്ല.
    2. അവൾക്ക് ലഭിച്ച അനുഗ്രഹങ്ങളെ നോക്കുവാൻ പറഞ്ഞില്ല.
    3. അവൻ അവളുടെ തത്വത്തെ തിരുത്തുവാൻ ശ്രമിച്ചില്ല.
- ബി. ആ സാഹചര്യത്തിൽ സഹായിക്കുവാൻ ഏലിയാവ് അഞ്ചു കാര്യ ങ്ങൾ ചെയ്തു.
    1. അവൻ അവിടെത്തന്നെ ഉണ്ടായിരുന്നു.
        - എ. ഒരുപക്ഷെ അതിനേക്കാൾ പ്രാധാന്യം മറ്റൊന്നിനുമുണ്ടായിരിക്കയില്ല. നിങ്ങൾക്ക് എന്തു പറയണമെന്നറിയില്ലെങ്കിലും, അവിടെ ഉണ്ടായിരിക്കുക.
        - ബി. അവിടെ ആഴ്ച്ചകളും മാസങ്ങളും നിൽക്കുവാൻ മറക്കരുത്.
    2. അവളുടെ വേദന അവന് അനുഭവപ്പെട്ടു.
        - എ. സംഭവിച്ചതിൽ അവൻ അഗാധമായി ഇളകിപ്പോയി (വാക്യം 20) ''കരയുന്നവരോടുകൂടെ കരയുവാൻ'' മടിക്കരുത് (റോമർ 12:15).
        - ബി. നിങ്ങളുടെ ''കരച്ചൽ'' നിയന്ത്രിക്കുക.
    3. മറ്റുള്ളവർ ഹൃദയം നുറുങ്ങിയിരിക്കുമ്പോൾ അവൻ ശാന്തനായി ഇരിക്കും (അന്തരം വാക്യം 18 ഉം 19 ഉം).
        - എ. ഉന്മാദം കൂട്ടുകയാണെങ്കിൽ, പ്രശ്നത്തിന്റെ ഭാഗമാകും, അല്ലാതെ പരിഹാര ഭാഗമാകുകയില്ല.
        - ബി. വാക്യം 20 ലേത് രഹസ്യമായി ചെയ്തു.
    4. തനിക്ക് കഴിഞ്ഞത് അവൻ ചെയ്തു.
        - എ. അവൻ കുട്ടിയെ അവളിൽനിന്നു വാങ്ങി കിടക്കയിൽ കിടത്തി. നമുക്ക് പലപ്പോഴും ദുഃഖിക്കുന്ന വീടിന്റെ

ദുഃഖം അകറ്റുവാൻ എന്തെങ്കിലും ചെയ്യാം.

ബി. താഴെ സന്ദർഭത്തിൽ അവൻ എന്തെല്ലാം ചെയ്തു എന്നു നോക്കുക.

5. ഏറ്റവും മുഖ്യമായി, അവൻ അവൾക്ക് വേണ്ടി ദൈവ സന്നിധിയിലേക്കു പോയി (വാക്യം 20).

എ. കുട്ടിയിൽ മൂന്നു പ്രാവശ്യം വീണു കിടക്കുന്ന ഏലിയാവിന്റെ വിശദാംശങ്ങൾ നമുക്ക് ഉണ്ട് (വാക്യം 21).

(1) മുൻപ് മരിച്ചവരാരും തിരിച്ചു വന്നിട്ടില്ല. എന്തു ചെയ്യണ മെന്ന് ഏലിയാവിന് മുൻപരിചയവുമില്ലായിരുന്നു.

(2) തനിക്ക് ശരിയാണെന്നു തോന്നിയതായിരിക്കാം അവൻ ചെയ്തത് (അതായത്, തനിക്ക് കഴിഞ്ഞത് അവൻ ചെയ്തു).

ബി. അവൻ പ്രാർത്ഥനയുമായി ദൈവത്തിങ്കലേക്ക് പോയതിനാലാണ് യഥാർത്ഥ ശക്തി വന്നത്.

(1) നിങ്ങൾ അസാധ്യമായ സാഹചര്യത്തിലാണെങ്കിൽ, മത്തായി 19:26 ഓർമ്മിക്കുക.

(2) പ്രാർത്ഥനയിൽ ഏലിയാവിന്റെ ജീവിതത്തിൽ വലിയ കാര്യ ങ്ങൾ സംഭവിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, മഴ നിൽക്കുവാൻ പ്രാർത്ഥിച്ചത്). പ്രാർത്ഥനയുടെ ശക്തിയിൽ അവൻ വിശ്വസിച്ചിരുന്നു.

സി. നിങ്ങൾ മരണത്തേയും മറ്റു അസാധ്യ സാഹചര്യങ്ങളെയും നേരിടുമ്പോൾ പ്രാർത്ഥിക്കുവാൻ മറക്കരുത്.

III. ഫലങ്ങൾ (17:22–24)

എ. ശക്തി ലഭിച്ചു.

1. സത്യദൈവത്തിലുള്ള സ്ത്രിയുടെ വിശ്വാസം ശക്തിപ്പെട്ടു (വാക്യം 24) ഏലിയാവും ശക്തിപ്പെട്ടു. ഇപ്പോൾ അവൻ ബാലിന്റെ പ്രവാ ചകന്മാരെ നേരിടുവാൻ തയ്യാറായി.
2. അസാധ്യമായ സാഹചര്യങ്ങളെ ദൈവസഹായത്താൽ വിജയിച്ചാൽ നാമും ശക്തിപ്പെടും.

ബി. പ്രതിഫലങ്ങൾ ലഭിച്ചു (റോമർ 8:28).

1. ആ സ്ത്രീയുടെ മകനെ അവൾക്ക് തിരികെ കിട്ടി (വാക്യങ്ങൾ 22, 23).
2. പ്രാർത്ഥനകൊണ്ട് എല്ലായ്പോഴും മരിച്ച പ്രിയപ്പെട്ടവരെ തിരിച്ചു കിട്ടുകയില്ല, എന്നാൽ ജീവിതത്തിൽ സംഭവിക്കുന്നത് നേരിടുവാൻ പ്രാർത്ഥന സഹായിക്കും. കൂടാതെ, നാം വിശ്വസ് തരാണെങ്കിൽ, നമുക്ക് യേശുവിന്റെ വരവിനായി നോക്കി പാർ ക്കാം (1 തെസലൊനിക്യർ 4:13, 14, 17).

**ഉപസംഹാരം**

ആ വാഗ്ദാനങ്ങൾ, ‘‘ദൈവത്തെ സ്നേഹിക്കുന്നവർക്കും, നിർണ്ണയപ്ര



ഏലിയാവിന്റെ
കാലം
സിദോൻ
സാരെഫാത്ത്
സോർ
ഫൊയ്നിക്യാ
ദമസ്ക്കൊസ്
സിറിയ
കർമേൽ പർവ്വതം
ആഫെക്
ഗിലെയാദ്
യെസ്റേൽ
യോർദ്ദാൻ
കെരീത്തു
തോട്
തിർസാ
തിശ്
യിസ്രായേൽ
മഹാനദി
ബെഥേൽ
യെരിഹോ
ഫെലിസ്ത്യ
യഹൂദാ
ചാവു
കടൽ
ബേർശേബ
മോവാബ്
ഹോരേബിലേക്ക്
(സിനായ്)
മൈൽ 0 10 20
കി. മി 0 10 20 30